പതിമൂന്നാം കേരള നിയമസഭ

(ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3380 — 24/06/13-ൽ മറുപടിക്ക്

**മൽസ്യത്തൊഴിലാളികൾക്ക് ധനസഹായം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. മുരളീധരൻ : | ശ്രീ.കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) കാലവർഷക്കൊടുതിയിൽ ദുരിതം അനുഭവിക്കുന്ന മൽസ്യത്തൊഴിലാളികളുടെ വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനു സാമ്പത്തികസഹായം അനുവദിക്കുവാനും സൗജന്യമായി റേഷൻ വിതരണം നടത്തുവാനും അടിയന്തിരമായി നടപടി സ്വീകരിക്കുമോ ; | (എ) കാലവർഷക്കെടുതി മൂലമോ കാലപ്പഴക്കം മൂലമോ കേടുപാടുകൾ സംഭവിച്ച മത്സ്യത്തൊഴിലാളി ഭവനങ്ങൾക്ക് അറ്റകുറ്റപ്പണി നടത്തുന്നതിനായി 2013-14 വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പരമാവധി 50,000/- രൂപ വരെ അനുവദിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഫിഷറീസ് വകുപ്പുവഴി ട്രോൾബാൻ സമയത്ത് തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിക്കുന്നുണ്ട്. |
| (ബി) ദേശീയ ഭവന നിർമ്മാണ പദ്ധതി പ്രകാരം ഫിഷറീസ് വകുപ്പിൽ നിന്നു തുച്ഛമായ തുക നൽകി നിർമ്മിച്ചിട്ടുള്ള വീടുകൾ അറ്റകുറ്റപ്പണി ചെയ്യുന്നതിനു വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്കെല്ലാം ധനസഹായം അനുവദിക്കുമോ? | (ബി) 2013-14 സാമ്പത്തിക വർഷം വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി 5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അർഹതാമാനദണ്ഡമനുസരിച്ച് അറ്റകുറ്റപ്പണിക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്ക് ധനസഹായം അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ